ഉത്തരം

(എ) ഉണ്ട്.

(ബി) നടപ്പ് വർഷം 9.30 കോടി രൂപ പ്ലാൻ സ്കീമിൽ ലഭ്യമായിട്ടുണ്ട്. ടി തുക ഉപയോഗിച്ച് അനുബന്ധം-*1-ൽ പറയുന്ന ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ വൺടൈം സെൻട്രൽ അസിസ്റ്റൻസായി 22.50 കോടിരൂപ ഈ വകുപ്പിന് ലഭ്യമായിട്ടുണ്ട്. ടി തുക ഉപയോഗിച്ച് അനുബന്ധം 2-ൽ* പറയുന്ന ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ദുരന്തനിവാരണ ഫണ്ടിൽ നിന്നും 10 കോടി രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് അനുബന്ധം 3-ൽ* പറയുന്ന ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ നടത്തിയ നിയമനങ്ങൾ

81 (1833) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ എത്ര നിയമനം നടത്തിയിട്ടുണ്ട് ;

(ബി) ആയതിന്റെ തസ്തികകൾ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1037.

(ബി)

സ്റ്റേഷൻ ഓഫീസർ	9
ഡ്രൈവർ മെക്കാനിക്	2
ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ	259
ഫയർമാൻ	717
ലോവൽ ഡിവിഷൻ ക്ലാർക്ക്	34
ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്	14
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	1
ലാസ്റ്റ്ഗ്രേഡ് സർവ്വന്റ്	1

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly